കാഞ്ഞങ്ങാട് മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതികൾ

15 (7312) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ പി. എം. ജി. എസ്. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയ റോഡുകൾ ഏതെല്ലാമാണെന്നും എത്ര തുക വീതമാണ് അനുവദിച്ചതെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(സി) പി. എം. ജി. എസ്. വൈ. പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തുന്നതിന് കാഞ്ഞങ്ങാട് മണ്ഡലത്തിൽനിന്നും ഏതെല്ലാം റോഡുകളാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) PMGSY-II ലേക്ക് പരിഗണിക്കപ്പെടുന്നതിനായി District Rural Road Plan കരട് ഇപ്പോൾ തയ്യാറാക്കിവരികയാണ്. ആയത് പൂർത്തിയായി അംഗീകാരം ലഭ്യമാക്കുന്ന മുറയ്ക്ക് ജില്ലയിൽനിന്നും തെരഞ്ഞെടുക്കുന്ന റോഡ് ലിസ്റ്റ് അംഗീകരിക്കേണ്ടതുണ്ട്. ഇതിനുശേഷം സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല കമ്മിറ്റി അവയ്ക്ക് അംഗീകാരം നൽകിയതിന് ശേഷം മാത്രമേ കാഞ്ഞങ്ങാട് മണ്ഡലത്തിൽ PMGSY II-ൽ ഉൾപ്പെടുന്ന റോഡുകളുടെ അന്തിമപട്ടിക തയ്യാറാവുകയുള്ളൂ.

പി.എം.ജി.എസ്.വൈ. പദ്ധതികൾക്ക് അനുമതി ലഭിക്കുന്നതിന് തടസ്സങ്ങൾ

16 (7313) ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.ജി.എസ്.വൈ.യിൽപ്പെടുത്തി കേന്ദ്രത്തിൽ സമർപ്പിക്കുന്ന പദ്ധതികൾക്ക് അനുമതി ലഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടാകുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയിലെ വ്യവസ്ഥകളിൽ ഇളവ് നൽകണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ ;

(സി) എങ്കിൽ എന്തെല്ലാം ഇളവുകളാണ് ആവശ്യപ്പെട്ടത് ;

(ഡി) അതിന്മേൽ കേന്ദ്ര സർക്കാരിന്റെ പ്രതികരണം ലഭ്യമായിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(എഫ്) ഈ സർക്കാർ അധികാരമേറ്റശേഷം പി.എം.ജി.എസ്.വൈ. പദ്ധതിക്കായി ലഭിച്ച കേന്ദ്രവിഹിതം എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈയിൽപ്പെടുത്തി കേന്ദ്രസർക്കാരിൻനിന്നും പദ്ധതികൾക്ക് അനുമതി ലഭിക്കുന്നതിന് തടസ്സങ്ങൾ നേരിട്ടില്ല.

(ബി) ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) നിലവിലുള്ള റോഡിന്റെ ഗ്രേഡിയന്റിന് കേരളത്തിന്റെ പ്രത്യേക ഭൂപ്രകൃതി കണക്കിലെടുത്ത് ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പൈപ്പ് ലൈൻ, ഇലക്ട്രിക് പോസ്റ്റ് തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവും ടെണ്ടർ പ്രീമിയവും കേന്ദ്രസർക്കാർ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഗ്രേഡിയന്റിന്റെ ചരിവിലും റോഡിന്റെ വീതിയിലും ഇളവ് അനുവദിച്ചിട്ടുണ്ട്. ജനസാന്ദ്രത കണക്കിലെടുത്ത് റോഡിന്റെ വീതി കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ലഭ്യമായിട്ടുണ്ട്.

(ഇ) 100 ശതമാനം കേന്ദ്രസഹായമുള്ള പദ്ധതിയാണ് പി.എം.ജി.എസ്.വൈ. എന്നാൽ പദ്ധതി പ്രദേശത്തുള്ള യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവും ടെണ്ടർ പ്രീമിയം, റേറ്റ് റിവിഷൻ, നിർമ്മാണം പൂർത്തികരിച്ചതിനു ശേഷം 5 വർഷത്തെ അറ്റകുറ്റപണികൾക്കുള്ള ചെലവ് എന്നിവ സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്.

(എഫ്) ഈ സർക്കാർ അധികാരമേറ്റശേഷം 2013-14 സാമ്പത്തികവർഷം പി.എം.ജി.എസ്.വൈ. 8-ാം ഘട്ടത്തിൽ മൂന്ന് ബാച്ചുകളിലായി 689.90 കോടി രൂപ അടങ്കലായി 1011.715 കി.മീ. ദൈർഘ്യം വരുന്ന 415 റോഡുകൾക്കാണ് കേന്ദ്രസർക്കാരിൽനിന്നും അനുമതി ലഭിച്ചിട്ടുള്ളത്. കൂടാതെ ഈ സർക്കാർ അധികാരമേറ്റ ശേഷം പി.എം.ജി.എസ്.വൈ. പദ്ധതിക്കായി 150 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്.

പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം പാലക്കാട് ജില്ലയിൽ റോഡുകൾ

17 (7314) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം 2013-14 സാമ്പത്തികവർഷത്തിൽ പാലക്കാട് ജില്ലയിൽ എത്ര കിലോമീറ്റർ റോഡുകൾ നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly